**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3536** **11.12.2018-ലെ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതു സർവ്വീസ് രൂപീകരിക്കുമ്പോൾ സംസ്ഥാനത്തെ ലക്ഷക്കണക്കിന് ബിരുദധാരികൾക്ക് അപേക്ഷിക്കാൻ കഴിയുന്ന ഗസറ്റഡ് തസ്തികകൾ ഇല്ലാതാകുമെന്നുള്ള ബിരുദധാരികളുടെ ആശങ്കകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതു സർവ്വീസ് നിലവിൽ വരുമ്പോൾ നിലവിൽ ബിരുദധാരികൾക്ക് ഉണ്ടായിരുന്ന അവസരങ്ങൾ പൂർണ്ണമായും കരട് ചട്ടങ്ങളിലും നിലനിർത്തിയിട്ടുണ്ട്. |
| (ബി) | കേരളാ ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് സ്റ്റേറ്റ് സർവ്വീസിന്റെ സ്പെഷ്യൽ റൂൾ 2018-ന്റെ കരട് ഭേദഗതി വരുത്തി കരട് രൂപ രേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; | (ബി) | കേരളാ ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് സ്റ്റേറ്റ് സർവ്വീസിന്റെ സ്പെഷ്യൽ റൂൾ 2018-ന്റെ കരട് മാത്രമേ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളൂ. കരടിന്മേൽ ഇതുവരെ ഭേദഗതി വരുത്തിയിട്ടില്ല. |
| (സി) | കരട് രൂപരേഖക്കുള്ള ആക്ഷേപങ്ങൾ സ്വീകരിച്ചു വരുന്നുണ്ടോ; ഇതുവരെ എത്ര ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്, അന്തിമ ഉത്തരവ് എന്നത്തേയ്ക്ക് പുറപ്പെടുവിക്കാനാകും എന്നറിയിക്കാമോ; | (സി) | ഉണ്ട്. കരട് ചട്ടങ്ങൾ സർക്കാരിൽ ലഭിച്ചതിനുശേഷം 38-ഓളം ആക്ഷേപങ്ങൾ/നിവേദനങ്ങൾ വിവിധ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ചതിനു ശേഷം അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | മുൻസിപ്പൽ കോമൺ സർവ്വീസിനെ സർക്കാർ സർവ്വീസായി പരിഗണിക്കുന്നതു സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ഉത്തരവ് ഇറക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (ഡി) | ഇല്ല. മുൻസിപ്പൽ കോമൺ സർവ്വീസിനെ സർക്കാർ സർവ്വീസായി പരിഗണിക്കുന്നതിനു മുന്നോടിയായി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 48, 222, 224 വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | വകുപ്പുകളുടെ സംയോജനം നിലവിലുള്ള റാങ്ക് ലിസ്റ്റുകളെ പ്രതികൂലമായി ബാധിക്കുമോയെന്നുള്ള ഉദ്യോഗാർത്ഥികളുടെ ആശങ്ക പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്നറിയിക്കാമോ? | (ഇ) | കരട് സ്പെഷ്യൽ റൂളുകൾ അന്തിമമായതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി ആവശ്യമെങ്കിൽ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ